(സി) റീസർവ്വെ നടപടികളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

റീസർവ്വെ പ്രവർത്തനം ആരംഭിക്കുന്നതിനുമുൻപായി വില്ലേജ്, പഞ്ചായത്തു തലത്തിൽ ജനപ്രതിനിധികളെയും റസിഡൻസ് അസോസിയേഷനുകളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി മീറ്റിംഗ്രകൾ സംഘടിപ്പിക്കുകയും വിവിധ മാധ്യമങ്ങൾവഴി അറിയിപ്പ് നൽകുകയും കൂടാതെ റീസർവ്വെ സംബന്ധിച്ച് സർവ്വെ ബൗണ്ടറീസ് ആക്ട് ആൻഡ് റൂൾ പ്രകാരമുള്ള വിവിധ ഘട്ടങ്ങളിൽ [6(1), 9(2), 13 എന്നീ നോട്ടിഫിക്കേഷനുകൾ] വിവിധ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിച്ചും നിലവിൽ റീസർവ്വെ പ്രവർത്തനത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

റീസർവ്വേ

254 (1003) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്താകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും ശേഷിക്കുന്ന 756 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ നിലവിൽ പുരോഗതിയിലുമാണ്.

(ബി) പ്രസ്തുത നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്താകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കിയെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ 87 വില്ലേജുകൾ ഒഴികെയുള്ള 1578 വില്ലേജുകളും നൂതന സാങ്കേതികവിദ്യയുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹായത്താൽ സർവ്വെ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ജീവനക്കാരുടെയും സർവ്വെ ഉപകരണങ്ങളുടെയും കുറവ് റീസർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. സർവ്വെ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ്വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ ജീവനക്കാരുടെ കുറവിന് പരിഹാരമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരുടെ സേവനം വിനിയോഗിച്ച് റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതിയും പരിഗണിച്ചുവരുന്നു.

മാരിയിൽകലുങ്ക് പാലം അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി

255 (1004) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ മാരിയിൽക്കലുങ്ക് പാലം അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏതുഘട്ടം വരെയായിയെന്ന് വിശദമാക്കുമോ?

ഇടുക്കി ജില്ലയിലെ തൊടുപുഴ വില്ലേജിൽ മാരിയിൽ കലുങ്ക് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്നതിന് 7-4-2017-ലെ സ.ഉ(സാധാ) നമ്പർ 1691/2017/റവന്യൂ നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും തുടർന്ന് 11-12-2020-ലെ സി7-16097/10 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച്, 19-12-2020-ലെ 3024-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. എൽ.എ.ആർ.ആർ ആക്ട്, 2013 പ്രകാരമുള്ള ആർ.ആർ പാക്കേജ് നിർണ്ണയിച്ച് 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസ്സാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നഷ്ട പരിഹാര തുക നൽകുന്നതിനും അക്വിസിഷൻ പൂർത്തിയാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മാരിയിൽ കലുങ്ക് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്നതിന് നഷ്ടപരിഹാര തുകയായ 3.5 കോടി രൂപ അർത്ഥനാധികാരിയായ പി.ഡബ്ല്യു.ഡി.-യിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് എൽ.എ.ആർ.ആർ ആക്ട്, 2013 പ്രകാരമുള്ള 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസ്സാക്കുന്നതുമാണ്.